LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ 8.782 കിലോമീറ്റർ റോഡുകളുടെ പണികളാണ് പൂർത്തിയായിട്ടുള്ളത്.

പൊൻകണ്ടം കടപ്പാറ റോഡ് - 6.612 കി.മി.

കണക്കൻതുരുത്തി കണ്ണൻകളം റോഡ്-2.170 കി.മി.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഫേസ് എട്ടിലെ തെക്കുംപാടം വഴുവക്കോട്, പത്തനാപുരം തോലംപുഴ എന്നീ 2 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കെ.ആർ. 10-18 തെക്കുംപാടം വഴുവക്കോട് റോഡ്-205.530 ലക്ഷം രൂപ.

കെ.ആർ. 10-17 പത്തനാപുരം തോലംപുഴ റോഡ്-288.092 ലക്ഷം രൂപ.

ഡി.ആർ.ഡി.എ. ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേനയാക്കുന്നത്

7 (2835) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമവികസന കമ്മീഷണറുടെ, 305003/പ്ലാനിംഗ്/15, തീയതി 15-7-2010, 29-9-2015, 19-1-2016 എന്നീ തീയതികളിലെ 7532/ഡിപിഐ/15/ സിആർഡി. എന്നീ ഫയലുകളിന്മേൽ/ഉത്തരവുകളിന്മേൽ ഡി.ആർ.ഡി.എ. ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേനയാക്കുന്നതുമായി ബന്ധപ്പെട്ട് എന്തു തീരുമാനം സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ട്

8 (2836) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ 2015-16-ലെ രണ്ടാം ഗഡു ലഭ്യമാക്കുവാൻ കേന്ദ്രസർക്കാരിന് സമയബന്ധിതമായി പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.